LIBRARY ARCHIVES Kerala Legislative Assembly

തൊഴിലുറപ്പ് പദ്ധതി

25 (3308)- ശ്രീ. കെ. അജിത് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 സാമ്പത്തിക വർഷം വൈക്കം നിയോജക മണ്ഡലത്തിൽപ്പെട്ട ഓരോ പഞ്ചായത്തിലും നഗരസഭയിലും തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികൾക്ക് ശരാശരി എത്ര തൊഴിൽ ദിനങ്ങൾ വീതം നൽകിയെന്നും ഓരോ പഞ്ചായത്തിലും നഗരസഭയിലും ഇതിനായി എത്ര രൂപ വീതം ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ ;

(ബി) വൈക്കം നിയോജകമണ്ഡലത്തിൽ 2013-14 വർഷത്തിലെ തൊഴിലുറപ്പ് പദ്ധതിയുടെ മുഴുവൻ തുകയും തൊഴിലാളികൾക്ക് നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ;

(സി) 2014-15 സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം വൈക്കം നിയോജക മണ്ഡലത്തിലെ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഇതുവരെ (November 22 വരെ) എത്ര തൊഴിൽ ദിനങ്ങൾ നൽകിയിട്ടുണ്ടെന്നും ഇത് കഴിഞ്ഞ വർഷവുമായി പരിശോധിച്ചാൽ എത്ര മാത്രം കുറവാണ് വന്നിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(ഡി) തൊഴിലുറപ്പ് പദ്ധതിയ്ക്കായി മുൻ വർഷത്തെപോലെതന്നെ സർക്കാർ പണം അനുവദിച്ചിട്ടുണ്ടോ എന്നും എത്രമാത്രമാണ് കുറവ് വന്നിട്ടുള്ളതെന്നും വ്യകതമാക്കുമോ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു*. 2013-14 സാമ്പത്തിക വർഷം വൈക്കം നഗരസഭയിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രകാരം ശരാശരി 55 തൊഴിൽദിനങ്ങൾ വരെ നൽകിയിട്ടുണ്ട്. വൈക്കം നഗരസഭയിൽ 2013-14 സാമ്പത്തിക വർഷം 62,26,336 രൂപ പദ്ധതിക്കായി ചെലവഴിച്ചു.

(ബി) ഉദയനാപുരം ഗ്രാമപഞ്ചായത്തിലെ 31 തൊഴിലാളികൾക്ക് ഒഴികെ, വൈക്കം നിയോജക മണ്ഡലത്തിലെ എല്ലാ തൊഴിലാളികൾക്കും 2013-14 സാമ്പത്തിക വർഷത്തെ അർഹമായ വേതനം വിതരണം ചെയ്തിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഉദയനാപുരം ഗ്രാമപഞ്ചായത്തിൽനിന്നും, ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഭാഗമായി, പ്രസ്തുത തൊഴിലാളികളുടെ വേതന വിതരണത്തിനായി പോസ്റ്റ് ഓഫീസിലേയ്ക്ക് അയച്ച ഫണ്ട് ട്രാൻസ്ഫർ ഓർഡറുകൾ സാങ്കേതിക കാരണങ്ങളാൽ പ്രോസസ്സിംഗ് നടത്താൻ കഴിയാത്ത സാഹചര്യമുണ്ടായതിനെ തുടർന്നാണ് മറ്റ് തൊഴിലാളികൾക്കൊപ്പം ഇവർക്ക് വേതന വിതരണം നടത്താൻ കഴിയാതെ വന്നത്. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രകാരം പദ്ധതികൾ നടപ്പാക്കിയതിൽ തൊഴിലാളികൾക്ക് കൂലിയിനത്തിലും മറ്റും 15,00,000 രൂപ നൽകുവാനുണ്ട്.

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.* 2014-15 വർഷത്തിൽ നവംബർ മാസം 30-ാം തീയതിവരെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി ഫണ്ട് ലഭിക്കാതിരുന്നതുമൂലം ആരംഭിച്ചിരുന്നില്ല. 27-11-2014-ൽ ഫണ്ട് അനുവദിച്ചതിനാൽ 1-12-2014 മുതൽ പണി ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം 42,904 തൊഴിൽ ദിനങ്ങൾ നൽകിയിട്ടുണ്ട്.

(ഡി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് ആവശ്യാധിഷ്ഠിതമായി ഫണ്ട് ലഭ്യമാകുന്നുണ്ട്. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ 2014-15 വർഷത്തിൽ വൈക്കം നഗരസഭയ്ക്ക് 50,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതി

26 (3309) ഡോ. കെ. ടി. ജലീൽ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് നിയമമനുസരിച്ച് 2014-15 സാമ്പത്തിക വർഷം സംസ്ഥാനത്ത് ഇതുവരെ എത്ര തൊഴിൽ ദിനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട് ;

(ബി) തൊഴിലിനായി രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ, തൊഴിൽ ലഭ്യമാക്കിയ കുടുംബങ്ങൾ, ശരാശരി ലഭ്യമായ തൊഴിൽ ദിനങ്ങൾ എന്നിവ വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly